


# പ്രതിധ്വനി

## A digital Magazine 2019





# Our School

GHSS Balla East ,
Balla PO
Kanhangad -PIN -671315



ഹെഡ്മാസ്റ്റർ

# ആശംസ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ മാറുകയാണ്. ഹൈടെക്ക് വിദ്യാലയത്തിന് ഈ ഡിജിറ്റൽ മാഗസിൻ ഒരു മുതൽ കൂട്ടാണ്. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീ. ശശി എം



പി ടി എ പ്രസിഡന്റ്

## ആശംസ

ബല്ല ഈസ്റ്റ് ഗവ. ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന ഇ മാഗസിൻ വിദ്യാലയത്തിന് ഒരു മുതൽ കൂട്ടാകുമെന്നതിൽ ഒരു സംശയവുമില്ല. എല്ലവിധ ഭാവുകങ്ങളും നേരുന്നു.

അഡ്വ: ശ്രീ.വേണുഗോപാലൻ നായർ

# Editor :

**Sravan Raj 9th A**

## Editorial Board Members:

**Swathi V 9th A**

**Abhirami M 9th B**

**Jithinraj Nair M 9th A**

**Anjana C 9th A**

**Rohan Rao GH 9th A**

**Gauthami Thamban 9th A**

# Our Little Kites



# പ്രതിധ്വനിയെക്കുറിച്ച്.....

അക്ഷരം- ക്ഷരമില്ലാത്തത് (നാശമില്ലാത്തത് )....എത്ര അന്വർത്ഥമാണാ വാക്ക്. അക്ഷരങ്ങളിൽ കൂടിയാണ് മഹാൻമാർ ചിരഞ്ജീവികളായിരിക്കുന്നത്. മഹാത്മാഗാന്ധി - നമ്മുടെ രാഷ്ട്രപിതാവ് - അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ ജീവിതം മനുഷ്യരാശി നിലനിൽക്കുന്ന കാലത്തോളം തലമുറകൾ ഓർക്കും. മാർട്ടിൻലൂഥർകിങ് - അദ്ദേഹത്തിന്റെ “I have a dream....” എന്നുതുടങ്ങുന്ന പ്രസംഗം വരും തലമുറകളും കേട്ടുകൊണ്ടിരിക്കും; അതിൽനിന്ന് പ്രചോദിതരാകും. കാരണം അവയൊക്കെ അക്ഷരമണിമുത്തുകളായി നമ്മുടെ കൈവശം സുഭദ്രമാണ്.

പ്രിയപ്പെട്ട കുട്ടികളേ, നിങ്ങളുടെ മനസ്സിൽ പിറന്ന അക്ഷരവൈഖരികളാണ് ഇവിടെ 'പ്രതിധ്വനി'ക്കുന്നത്. അതിൽ നിങ്ങളുടെ ജീവിതപരിചയക്കുറവ് അനുഭവപ്പെട്ടേക്കാം. എന്നാൽ ഇതൊരു തുടക്കം മാത്രമാണെന്നോർക്കുക. നന്നായിവായിക്കുക, ചുറ്റുപാടും കൺതുറന്നു കാണുക. അതോടൊപ്പം സ്വയം ഉള്ളിലേക്ക് നോക്കുക. സ്വന്തം കഴിവ് തിരിച്ചറിയുക. അതു മിനുക്കിയെടുക്കുക.

ഈ പ്രതിധ്വനി കേൾക്കുന്ന സഹൃദയരേ; ഇത് ബല്ല ഈസ്റ്റ് ഗവ. ഹയർസെക്കന്ററി സ്കൂളിലെ ഇളം നാമ്പുകളിൽ നിന്നുള്ള ദലമർമ്മരമാണ് . ഈ ഇളം നാമ്പുകൾ വളരും . സമൂഹനന്മയ്ക്കായി അവ പടർന്നുപന്തലിക്കുമെന്ന് ആത്മാർത്ഥമായി നമുക്ക് പ്രതീക്ഷിക്കാം.

സ്നേഹാദരങ്ങളോടെ

ഗംഗാധരൻ പി
കൈറ്റ് മാസ്റ്റർ



ശുഭലക്ഷ്മി എം എസ്
കൈറ്റ് മിസ്ട്രസ്



## ഉള്ളടക്കം പേജ്

| | |
|---|---|
| എത്ര ധന്യമീ ജീവിതം | 10 |
| ഇരുളിന്റെ മറവിലേക്ക് | 11 |
| വാനമേ നിന്നോട് | 12 |
| നിശയുടെ രാഗം | 13 |
| അരിവെന്തുവോ? | 14 |
| കുയിലമ്മയുടെ പാട്ട് | 15 |
| My mother | 16 |
| കൊഴിഞ്ഞുപോയ സൗഹൃദം | 17 |
| ജീവിതമൊരു വെയിലായി | 18 |
| കാളിയ മർദ്ദനം | 19 |
| കാടിന്റെ രോദനം....നാടിന്റെയും. | 20 |
| പ്രസംഗം | 21 |
| HOPE | 22 |
| ഉണരൂ കേരളമേ | 23 |
| ദൃഢമായമനസ് | 24 |
| മലയാളഭാഷ | 25 |
| മരമനുഷ്യൻ | 26 |
| MY RED ROSE | 27 |
| *MY SWEET MOTHER* | *28* |
| *കൃഷിച്ചിന്തകൾ* | *29* |
| നാദം...... വിസ്മയം | *30* |
| *Repetition* | *31* |
| നാളേയ്ക്ക് വേണ്ടി | *32* |
| എന്റെ ലോകം | *33* |

| | |
|---|---|
| കുളിർമ്മയുടെ മുത്തുകൾ | *34* |
| ജീവിതം | *38* |
| ജലവിചാരങ്ങൾ | *39* |
| മലയാളം | *44* |
| സൂര്യനാമം | *45* |
| യാത്രാവിവരണം | *46* |
| രമണൻ | *47* |
| നന്ദിയോടെ........ | *49* |
| പെയിന്റിങ്ങ് | *50* |

**കവിത**

# എത്ര ധന്യമീ ജീവിതം

ഓരോ പുലരിയും പുതുമയുള്ളതാകുന്നു
ഓരോ ദൃശ്യങ്ങൾക്കേറുന്ന ചാരുത
ഓരോ ദിനവും ഇത്തരം കാഴ്ച കണ്ടു-
ണരുന്ന മാനവർ തൻ ജീവിതമൈശ്വര്യപൂർണം
എത്ര ജന്മം കഴിഞ്ഞെന്നാലും
മറക്കുമോ ഈ കണ്ട കാഴ്ച്ചയെ
ഓരോ നിമിഷവും ജീവിക്കാ-
നുദ്ബോധിപ്പിക്കുന്നോരോ കാഴ്ചയും
കള കള നാദം പാട്ടും പുഴയും
കിളികൾ തൻ മധുരഗാനവും,ജലവും
കൊണ്ടതിസമൃദ്ധമാം നമ്മുടെ നാടിനെ
വെല്ലുവാനാകുമോ നഗരകീടങ്ങൾക്ക്?
ഇലകൾ പൊഴിയും ശിശിരവും .
കൊണ്ടനുഗ്രഹീതമാം ഈ മലയാള
മണ്ണിൽ ജീവിക്കുന്നതെത്ര സൗഭാഗ്യം.

-അഭിരാമി . എം.

കവിത

## ഇരുളിന്റെ മറവിലേക്ക്

ഏകാന്ത ജീവിത യാത്രയ്ക്കൊടുവിൽ തളർന്നു
ഞാൻ ചേതനയറ്റപോൽ
മഴയില്ല,ജലമില്ല,വെയിലില്ല,ചൂടില്ല എന്നെ
തഴുകുവാൻ ഒരു കുളിർ കാറ്റുമില്ല
ഒരു കാലമുണ്ടായിരുന്നെനിക്ക്
സുഖ സൗന്ദര്യത്തോടെ വാണകാലം
ഇന്നീ കുന്നിൻ മുകളിൽ ഞാൻ ഒറ്റയ്ക്ക്
പാടുകയാണെന്റെ അന്ത്യഗാനം
പൂക്കളും ഇലകളും തളിർത്തൊരെൻ മേനിയിൽ
വാടിയ ചില്ലകൾ മാത്രമായി

ദിയ. ജെ കെ

കവിത

# വാനമേ നിന്നോട്

വാനമാം സുമംഗലി നിന്റെയീ നെറ്റിയിൽ
കുങ്കുമം ചാലിച്ചതാര്,ചുട്ട കുങ്കുമം ചാലിച്ചതാര്
ചന്ദ്രനും സൂര്യനും പ്രിയസഖീ നീയേ
പറവയും താരവും നിന്റെ പൊൻമക്കൾ
ഉദയസൂര്യന്റെ രശ്മികൾ നിന്റെ
മാറിലലങ്കാര ആഭരണങ്ങൾ
ക്രോദ്ധയാം നേരത്ത് നിന്റെയീ ഗർജ്ജനം
വൃദ്ധയാം ഭൂമിയെ വിറങ്ങലിപ്പിച്ചു
ആനന്ദത്തോടെ നീ പൊഴിയുന്ന വർഷങ്ങൾ
ആമോദത്തോടെ നാം ഏറ്റുവാങ്ങുന്നു
നിശാന്ധത നിന്നെ മറയ്ക്കുന്ന നേരത്ത്
ചന്ദ്രോദയം നിനയ്ക്കാശ്വാസമേകുന്നു
പാതിരാപൊയ്കയിൽ നീയുറങ്ങീടുമ്പോൾ
നിന്നെയുണർത്തുന്ന സൂര്യകിരണങ്ങൾ
നീരാട്ടിനായി നീ നീങ്ങുന്ന നേരത്ത്
തോഴിമാരായി കാർമേഘങ്ങളുണ്ടല്ലോ
ഭാര്യയായി അമ്മയായ് വൃദ്ധമാതാവായ്
ജീവിച്ചുപോന്നു നീ കാലം നീളേ
വാനമാം  സുമംഗലി നിന്റെയീ ജീവിത-
നാളുകൾക്കന്ത്യമുണ്ടോയെനി അന്ത്യമുണ്ടോ...

swathi.v

---

കവിത

# നിശയുടെ രാഗം

നിശേ നിൻ നിഴലിൽ ഞാൻ
ചാഞ്ഞുറങ്ങീടുമ്പോൾ ആ
നിലാകിരണങ്ങൾ എന്നെ തഴുകുന്നു
നിൻ കരസ്പർശങ്ങൾ എന്നെ -
യുറക്കീടുന്നു,മെല്ലെ
നീലിമയോലുന്ന നിന്റെയീ ചാരുത
ആനന്ദത്തോടെ ഞാൻ നോക്കിനിന്നു
നിശേ നിന്റെ നാഥനെവിടെ?
നിശേ നിന്റെ പൊൻമക്കളെവിടെ?
കാർനിറമോലുന്ന നിന്റെയീ സൗന്ദര്യം
ആദിത്യതസ്കരൻ വന്നു കവരുമ്പോൾ
പോകല്ലേ നീ,പോയ് മറഞ്ഞീടല്ലേ

ANJANA.C
9th A

## കവിത

### അരിവെന്തുവോ?

അവൾ കയറിച്ചെന്ന അടുക്കളയിൽ
അരി വേവിക്കാൻ അടുപ്പ് കൂട്ടിയപ്പോൾ
വിറകില്ല
മിണ്ടാതവൾ വച്ച പുസ്തകതാളുകൾ
അവ കത്തിയമർന്ന തീയിൽ

പക്ഷെ അരി വെന്തില്ല
ഒടുവിൽ ക്ഷമ കെട്ട ആളുകൾ അടുത്തു വന്നു.
അപ്പോൾ അവൾ തീയിലേക്ക് ചാടി
അവൾ സ്വയം കത്തിയപ്പോൾ അരി വെന്തു.
അതിനു ചുറ്റും ആളുകൾ വന്നു
അവ വാരിതിന്നു
ചാരത്തിൻ നെഞ്ചിടിപ്പിൽ അപ്പോഴും കേട്ടു
അരിവെന്തുവോ?

-ജസ്ന .വി 9b

കവിത

# കുയിലമ്മയുടെ പാട്ട്

മാവിൻകൊമ്പിലെ കുയിലമ്മേ
കുനിക്കൂടിയിരിക്കുന്നു
കൂടിലില്ലാത്തൊരു കുയിലമ്മ
കൂകിക്കൂകി പാടുന്നു
കൂട്ടില്ലാതെ  കുയിലമ്മ
ഒറ്റയ്ക്കല്ലൊ പാടുന്നു
സങ്കടമെല്ലാം കുയിലമ്മ
നല്ലൊരു പാട്ടായ് മാറ്റുന്നു

ABHISHEK.C

# My mother

*I love you mom*
*My dearest mom*
*you make me happy*
*when I'm sad*

*I want to tell you*
*I really love you*
*when I'm with you*
*I'm so glad*

*My mom,my dear friend*
*through out my life*
*I wish your presents*
*With tender smile*

*To guide my way*
*your the sunshine*
*Of  my day*
*I love you mom*

***ROHAN.RAO.GH***

## കവിത

## കൊഴിഞ്ഞുപോയ സൗഹൃദം

കൊല്ലം  കഴിഞ്ഞുപോയ്,ഞാനോ വളർന്നുപോയ്
എന്നിലെ സൗഹൃദം ഇന്നും ഒരോർമ്മയായ്
തേച്ചാലും മായില്ല,മായ്ച്ചാലും പോകില്ല
അത്രമേൽ ആഴമാണെൻ സൗഹൃദം
നീ അരികിലുള്ളോരോ നിമിഷവും
ഇന്നുമോർക്കുന്നു ഞാൻ
പൊയ്പ്പോയ കാലമാകിലും ഇന്നാമഴ-
കാണുമ്പോൾ ഓർക്കുന്നു ഞാനാ മധുരനിമിഷം

കൊല്ലം കടന്നുപോയ്,ഞാനോ വളർന്നു പോയ്
എന്നിലെ സൗഹൃദം ഇന്നും ഒരോർമ്മയായ്
കൂടെപ്പിറക്കാത്ത കൂട്ടുകാരാ നിന്നെ
കൂടെപ്പിറപ്പായ് കരുതുന്നു ഞാൻ
കഴിഞ്ഞുപോയ് ശൈശവം,കൗമാരം,യൗവ്വനം
കൊഴിഞ്ഞുപോയ് സൗഹൃദമെൻ ജീവിതത്തിൽ

ഗൗതമി തമ്പാൻ

കവിത

# ജീവിതമൊരു വെയിലായി

മനുഷ്യദുഃഖങ്ങളാം സന്ധികളിൽ
ഇരുൾ ജീവൻ കാതോർത്തു...
മിഴികളിൽ നനയുന്ന
കുരുന്നുകളിൽ ജീവിതം
പൊൻ പുലരിയെ
വാരിയാം ദിനരാത്രങ്ങൾ
എവിടെയോ ജീവിതം
ഒടുവിൽ ദുഃഖസന്തോഷ ഗണങ്ങൾ
പുഴയുടെ നാദ വീചിയായ-
തളികയിൽ വീണ പാടിയിരിന്നു
ഓരോ യുഗത്തിൽ മനുഷ്യജീവിതം
ഇരുട്ടിൽ ഒരു പ്രകാശകിരണമായി...

Nandhana.A
9th b

*കവിത*

# കാളിയ മർദ്ദനം

കാളിയമർദ്ദന കാലമായി ഭ്രുവിൽ
കാളക്കൂടം കരൾകാർന്നു തിന്നുന്നൊരു
കദന കാഴ്ചയ്ക്കിങ്ങറുതിയില്ലേ?
നിബിഢ ലതാദിതരുപ്പച്ച തിങ്ങുമീ
സഹ്യന്റെ താഴ്വര മ്ളാനമായി നിശ്ചലം
സപ്തസംസ്കാരങ്ങളേറ്റുവാങ്ങിപുളക
പൂരിതമായൊരു പുണ്യഭ്രുവിൽ
കേവലം ജീവശ്വാസത്തിന് മേലിന്നു
ദുർമ്മദതമാണ്ടു നിയന്ത്രണം നൽകും
ദുരാചാരികൾക്കർഹമീ കാളിയമർദനം.
ജനവാസമൂറ്റമീ കുന്നിൻ ചെരിവുകൾ
ഹിമവാതമേറ്റു പുളകിത കാഴ്ചകൾ
ഹിമബിന്ദുവിറ്റിറ്റു വീഴും കണക്കിന്നു
വിഷബിന്ദു വർഷമായ് മാറിയ മണ്ണിത്.
കദനം കറകളഞ്ഞെങ്ങുമേ തോരാത്ത
കണ്ണുനീർ കാഴ്ചകൾ പിച്ചുന്നു ജീവനെ
മർത്യജന്മം പുഴക്കുത്തുകണക്കെ
വിശാലമീനശ്വര ലോകം ഗ്രഹിക്കവേ;
ആർത്തനാദങ്ങൾ മുഴങ്ങിയിന്നെ-
ങ്ങുമിതേറ്റുവാങ്ങീടാതെ മേവിടുന്ന-
മതിഭ്രമമേറ്റ് മദാധികാരത്തിന്നകക്കയം
പൂണ്ടതാം മർത്യസ്നേഹികൾ നിങ്ങൾ കേട്ടുകൊൾക;
ദ്വാപരകയുഗധർമ പുണ്യം കണക്കെ
യൊരുണ്ണിവന്നീ ഭ്രുവിലിക്കാഴ്ചക്കാണവേ
ദുർമ്മദനാശം വരുത്തിയിന്നൊരു വേള
കലികാല കാളീയമർദനം നിശ്ചയം.

*പ്രമോദ്.ആറിൽ(H S A Hindi)*

കവിത

# കാടിന്റെ രോദനം....നാടിന്റെയും.

ഹേ, നിഷാദാ, നരാധമാ, നിന-
ക്കേതുമേ ഹൃത്തും മനസ്സുമില്ലേ?
ക്രൂരതകയ്യേന്തു പകരം തരും നിന-
ക്കാകുമോയീ അരും പാതകം മായ്ക്കുവാൻ?

ഈഭൂവിലെന്നാണൊരുനാളിലെങ്കിലും
ഈറനണിയാ മിഴികളുമായി
ജീവിച്ചുതീർക്കുവാനാകുമോ, തായമാർ-
ക്കാകുമോ ആവോളം കാണുവാൻ മക്കളെ?

പെറ്റവയറിന്റെ  വേദനയോ,
ഉറ്റവർ തൻ കൂട്ടയാർത്തലപ്പോ,
എത്തുന്നില്ലല്ലോ, നിൻ കാതുകളിലെന്തേ-
യിത്ര  നിഷ്ഠൂരനായ് പോവതിന്നും?



തിന്നും കുടിച്ചും രമിച്ചും നടക്കുംനിൻ
കണ്ണിലിന്നില്ലീ വിശപ്പിന്റെ രൂപം
അന്നത്തിനായിന്നുനീട്ടിയ കൈകളെ
കള്ളം ചുമത്തി നീ മാറ്റിയപ്പോൾ
എണ്ണമില്ലാത്തത്രകോടികൾ"കക്കുന്നു",
മണ്ണിൽ ഒരായിരം "നന്മ"ചെയ്‌വോർ

ഒട്ടിയ വയറിൻ നിരാലംബഭാവങ്ങ-
ളൊട്ടുമുലച്ചതേയില്ല നിന്നെ
ലജ്ജിച്ചിടുന്നു ഞാൻ സോദരാ നിൻമുന്നി-
ലർപ്പിച്ചിടട്ടെയെൻ കണ്ണീർ പ്രണാമം.

വിജയ.കെ (Teacher)

# കായികം

ഒരു സമൂഹത്തിന്റെ സാമ്പത്തിക സാംസ്കാരിക പുരോഗതിയുടെ മുഖ്യഘടകം ജനങ്ങളുടെ കായികക്ഷമതയും ആരോഗ്യത്തെയും ആശ്രയിച്ചാണിരിക്കുന്നത്.മദ്യപാനം,പുകവലി,മറ്റ ലഹരികൾ എന്നിവയോടുള്ള ആസക്തി,അനാരോഗ്യകരമായ ഭക്ഷണശീലം തുടങ്ങി വ്യക്തിയുടെയും സമൂഹത്തിന്റെയും ആരോഗ്യത്തിന് ഭീഷണിയാകുന്ന പല വിപത്തുകളിൽ നിന്നും മോചനം നേടാൻ ചിട്ടയായ കായിക പരിശീലനം സഹായകമാകും.

ആരോഗ്യമായ ശരീരത്തിലെ ആരോഗ്യമുള്ള മനസ്സ് ഉണ്ടാവുകയുള്ളൂ.ദൈനംദിന ജീവിതത്തിൽ കൂടുതൽ ആത്മവിശ്വാസത്തോടെയും കരുത്തോടേയും മുന്നേറാൻ ആരോഗ്യകരമായ ജീവിതശൈലി പിന്തുടരേണ്ടതുണ്ട്.കായിക വിനോദങ്ങൾ സൗഹാർദ്ദവും ഒരുമയും വളർത്തുന്നു.കളികളിലെ ഐക്യം അതിനുദാഹരണമാണ്.

രേഷ്മ പി
(കായികാധ്യാപിക)

.

# പ്രസംഗം

മാന്യസദസ്സിന് വന്ദനം,

പ്രിയപ്പെട്ട അധ്യാപകരെ,സുഹൃത്തുക്കളെ,

കുടുംബ ബന്ധങ്ങൾ ഊഷ്മളമാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് രണ്ട് വാക്ക് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.കൂട്ടുകുടുംബങ്ങൾ ദിനംപ്രതി അണുകുടുംബ ങ്ങളായി മാറുന്ന ഒരു ജീവിത സാഹചര്യത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്.അതിനാൽ തന്നെ പലപ്പോഴും നമുക്ക് ലഭിക്കാതെ പോകുന്ന മൂല്യങ്ങളെ കുറിച്ച് അവബോധരാകേണ്ടതുണ്ട്.പലപ്പോഴും ആർഭാടത്തിന്റെയും ദുരാഗ്രഹങ്ങളുടെയും പിറകേ പായുമ്പോൾ ഇടയ്ക്ക് വച്ച് എവിടെ നിന്നോ നമുക്ക് നമ്മുടെ കുടുംബത്തെ നഷ്ടപ്പെട്ടു പോകുന്നു.അതിൽ എടുത്തു പറയേണ്ട ഒരു കാര്യം തന്നെയാണ് ലഹരിയുടെ ഉപയോഗം.പലപ്പോഴും ഒരു കൗതുകത്തിന് തുടങ്ങുന്ന ഇത്തരം വസ്തുക്കളുടെ ഉപയോഗം പിന്നെ നാം എത്ര ശ്രമിച്ചാലും മാറ്റാൻ കഴിയാത്ത ജീവിതത്തിലെ ഒരു ഭാഗമായി മാറുന്നു.അതിന്റെ ശക്തിയേറുമ്പോഴാണ് മനുഷ്യമനസ്സുകൾ പലപ്പോഴും ക്രൂരാത്മരായി മാറുന്നത്.ഒരു വ്യക്തിയെ മുന്നോട്ട് നയിക്കുവാൻ നല്ല ശീലങ്ങൾ പഠിപ്പിക്കുവാൻ ഏറ്റവും സഹായം നൽകുന്നത്കുടുംബമാണ്.മുതിർന്നവരുടെ വാക്കുകൾ ഒരു പുതുതലമുറയെ തന്നെ മുന്നോട്ട് നയിക്കുന്നു.വർണ്ണക്കാഴ്ചകൾ പലപ്പോഴും നമ്മുടെ കണ്ണുകൾ അടയ്ക്കാൻ കാരണമാകുമ്പോൾ കുടുംബത്തിന്റെ ഊഷ്മളസ്നേഹം നാം സൂക്ഷിക്കണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

നന്ദി നമസ്കാരം

ആഗ്ന 8th C

കവിത

# HOPE

when I fail in a play I hope,
to win the that playing game
when I fail in my life,
I hope to win in my life

when I left my all,
I hope and work hard,
for it.................

BY ,
SANESH.E.P

കവിത

# ഉണരൂ കേരളമേ

കേരളമേ നീ ഇതെങ്ങോട്ട്   നവ കേരളമേ
നീ ഇതെങ്ങോട്ട് ?
കാലം മുമ്പോട്ട് നീയോ കീഴ്പോട്ടും
മത-രാഷ്ട്രീയ ഭ്രാന്തും വഹിച്ച നീ എങ്ങോട്ട് ?
ചിന്തിക്കുക കേരളമേ ഇനിയെങ്കിലും നീ
എന്താണിങ്ങനെ നീ ?  ആർക്കുവേണ്ടി ഇങ്ങനെ നീ?
കൊടിയുടെ നിറവും ജാതിപ്പേരും നോക്കി നീ
മുന്നേറരുതിനിയെങ്കിലും
മരിച്ചുവീഴും നിൻ മടിത്തട്ടിൽ നീ പോറ്റി-
വളർത്തിയ നിൻ മക്കളെല്ലാം
അധമ മനസ്സിനുടമകളാം കാട്ടാളർ
തേടിയിറങ്ങുകയായി രക്തസാക്ഷികളെ
വിട്ടുകൊടുക്കരുതിനിയും നിൻ മക്കളെ
രക്തസാക്ഷികളാക്കും കാട്ടാളർക്കായി
പ്രളയ കാലത്ത് കൈകോർത്ത
സ്നേഹച്ചങ്ങല പൊട്ടിച്ചെറിയരുതേ
പ്രബുദ്ധ കേരളമേ
നിൻ മടിത്തട്ടിലിനിയും ഉറങ്ങി വിശ്രമിക്കുന്ന
പൂനാമ്പുകളെ തല്ലി കെടുത്തരുതെ
കൈകോർക്കാം നീങ്ങാം ഒറ്റക്കെട്ടായി
നല്ലൊരു നവ കേരളത്തിനായി
ഉണരട്ടെ കേരളം ഉയരട്ടെ കേരളം
പറക്കട്ടെ മാനം മുട്ടി നമ്മുടെ-
സാക്ഷര കേരളം
ഇനി പറയണം അഭിമാനത്തോടെ
വരും തലമുറ എന്റെ കേരളം
മാനവ മനസാക്ഷിയുടെ കേരളം

ഇഷ പ്രിയേഷ്
9th A

# ദൃഢമായമനസ്

കടൽ പോലെയാണ് മനുഷ്യജീവിതം. കടലിലെ തിരമാലകൾ പോലെ തിരകളിൽ ചിലത് ശാന്തമായുള്ളത്
ചിലത് വേഗമേറിയത് ഭയപ്പെടുത്തുന്നവ ചിലത് .ഇങ്ങനെയല്ലേ ജീവിതം .പല പ്രതിസന്ധികളും ഉണ്ടാകും.
പക്ഷെ അവയെ തരണം ചെയ്യാനുള്ള ശക്തമായ മനസാണ്  മനുഷ്യന് ആവശ്യം. ജീവിതത്തിലെ കല്ലും മുള്ളും ഏറിയ ആ പാതകൾ പിന്നിടാനുള്ള ദൃഢമായ മനസാണ് ജീവിതവിജയത്തിന് ആവശ്യം. ഇല്ലായ്മകളിൽ എല്ലാമുണ്ടാക്കിയ മഹാവ്യക്തികൾ ഭാരതീയചരിത്രത്തിലുണ്ട്. അബ്ദുൾകലാം ,അദ്ദേഹം തന്നെ ഏറ്റവും വലിയ ഉദാഹരണം. ഐസക്ക്ന്യൂട്ടൻ തുടങ്ങിയ ഒത്തിരി പേർ വിജയം കൊയ്തെടുത്തത് ദൃഢമായ മനസ് കാരണമാണ്.

-അർച്ചന സുകുമാരൻ

കവിത

## മലയാളഭാഷ

മലയാളഭാഷേ,മലയാളഭാഷേ...
ജീവന നൂതനോന്മേഷം പകർന്നിടും
ദേവഭാഷാമൃതം ചേർന്നഭാഷേ
ദ്രാവിഡ ഭാഷകളിലമൃതം ചേർന്നിടും
ഭാഷനീയാണെൻ മലയാളഭാഷേ...
നാൽപ്പത്തിനാലു നദികളും
മുപ്പത്താറ് കായലും ഉൾക്കൊ-
ള്ളുമെൻ കേരള നാടെ.....

ജിഷ്ണ. എം
8 സി

കവിത

# മരമനുഷ്യൻ

വേരറ്റ നിന്റെ ശിരസിനു മുൻപിൽ ഞാൻ
ചേതനയറ്റ ചെറുപുൽകൊടിയായ്
നിൻ കരമൊക്കെയും കൊത്തിപ്പട്ടുത്തൊരാ-
വാതിലിനപ്പുറം ഞാൻ മയങ്ങീടുന്നു
നിന്റെ ശിഖരത്തിൻ വീശിടും മാരുതൻ
എന്നിൽ പുണരുന്നു എന്നുമൊരോർമ്മയായ്
നിന്റെയാ ചില്ലകൾ എന്നുമെനിക്കായ്
തന്നതാ കുളിരിൻ തണലു മാത്രം
ആ തണലുമെന്നുമെന്റെ മനസിലായ്
എന്നുമൊരോർമ്മയായ് തങ്ങിക്കിടക്കുന്നു

Sanika S Nair 9a

Poem

# MY RED ROSE

*MY MOTHER IS MY GOD. WHEN I WAS*
*IN TROUBLE, MY MOTHER HELP ME.*
*MY MOTHER'S HOBBY IS MAKING DIFFERENT*
*TYPES OF FOOD. SHE COOKS VERY TASTY*
*FOOD. BESIDES SHE LOVE AND CARE VERY MUCH.*
*SHE SINGS VERY SWEETLY.*
*SHE IS LOOK LIKE AN ANGEL.*
*SHE IS SYMBOL OF TWINKLE STAR.*
*SHE CORRECTS MY MISTAKES.*
*SHE ALWAYS MOTIVATE ME.*
*SHE ALWAYS THINK POSITIVELY.*
*I LIKE HER VERY MUCH.*

*-Vaishnav.k 9b*

# MY SWEET MOTHER

My mother is my god. When I was in trouble, my mother help me. My mother is very precious in my life . She advices me. My mother care me very well. She is like a shining star in the blue sky. She is like a rose flower in the beautiful garden. She cooks very well. She corrects my mistakes. I like her very much.

Fathimath shahala .N .P
9 B

## കൃഷിച്ചിന്തകൾ

അധ്യാപന ജീവിതത്തിലെ ഒരു സഹവാസക്യാമ്പിൽ ഒരുനാൾ രാവിലെതന്നെ വയൽ നിരീക്ഷണത്തിന് ഇറങ്ങി. കുന്നുകളുടെ ഇടയിലുള്ള നീണ്ട് നേർത്ത വയൽ. വയലിന് നടുവിലൂടെ ഒഴുകുന്ന തോട്. തോടിലേക്ക് കുന്നുകളിൽ നിന്ന് കിനിഞ്ഞിറങ്ങുന്ന നീരൊലിപ്പ്. എല്ലാം കൂടി പ്രകൃതി കനിഞ്ഞനുഗ്രഹിച്ച വയൽ.

വയൽ വരമ്പുകളിലും തോട്ടുവക്കിലും നിറയെ ഔഷധസസ്യങ്ങൾ,അതിരാണിക്കാടുകൾ,ദശപുഷ്പത്തിലെ കയ്യോന്നിയും പൂവാംകുറുന്തിലെയ,മുയൽച്ചെവിയ,കറുകയ,ബഫമിയ,മുത്തളുംഏത്കാല ത്തേക്കും നമുക്ക് വേണ്ട ആഹാരവും മരുന്നും വിളയുന്നിടം വയലിലേക്ക് ഇറങ്ങുന്നിടത്തു തന്നെ ചെറിയൊരു കുണ്ടുകുളമുണ്ട്. കുന്നിൽ നിന്ന് എപ്പോഴും ഇതിലേക്ക് ഭൂഗർഭജലം എത്തും. ഇങ്ങനെ എത്ര മനോഹരമാണീ പ്രകൃതി.

Shyamala K.N (Teacher)

ലേഖനം

# നാദം...... വിസ്മയം

**ജപ കോടി ഗുണം**
**ധ്യാനകോടി ഗുണോ ലയ**
**ലയകോടി ഗുണം ഗാനം**
**ഗാനാത്പരതരം നഹി**

ഒരുപ്രാവശ്യം നിർമ്മലമായ മനസ്സുകൊണ്ട് ധ്യാനം ചെയ്യുന്നത് ഒരുകോടി പ്രാവശ്യം മന്ത്രങ്ങൾ ജപിക്കുന്നതിന് തുല്യമാണ് .ഒരുപ്രാവശ്യം മനസ്സ് ലയം പ്രാപിക്കുന്നത് ഒരുകോടി പ്രാവശ്യം ധ്യാനം ചെയ്യുന്നതിന് സമ മാണ്. ഒരുപ്രാവശ്യം ഒരു ഗാനം മധുരമായിപാടുക എന്നത് ഒരുകോടി പ്രാവശ്യം ലയം പ്രാപിക്കുന്നതിനു തുല്യമാണ് .ഗാനത്തേക്കാൾ ശ്രേഷ്ഠമായി മറ്റൊന്നില്ല . ശ്രവണസുന്ദരങ്ങളായ ശബ്ദങ്ങൾ കൊണ്ട് മനസ്സിൽ വികാരങ്ങൾ സൃഷ്ടിച്ച രസിപ്പിക്കുന്ന ഒരു കലയാണ് സംഗീതം. രാഗതാള പദാശ്രയമായതാണ് സംഗീതം എന്നാണ് ഭരതമുനിയുടെ നാട്യശാസ്ത്രത്തിൽ സംഗീതത്തെക്കുറിച്ച് പറയുന്നത് .അക്ഷരങ്ങളുടെയും വാക്കുകളുടെയും സഹായത്തോടെ ആശയവിനിമയം നടത്തുന്നത് സാഹിത്യഭാഷയെങ്കിൽ സ്വരങ്ങളുടെ സഹായത്തോടെ ആശയ പ്രകടനം നടത്തുന്നത് നാദഭാഷയാണ്. വികാരങ്ങളുടെ ഭാഷയാണ് സംഗീതം .മനുഷ്യന്റെ സകല വികാരങ്ങളേയും സംഗീതത്തിൽ കൂടി ആവിഷ്കരിക്കാൻ സാധിക്കും. ഇത് മനുഷ്യന് ശാന്തിയും സമാധാനവും കൈവരുത്തുന്നു.

**സംഗീത മഹിമ**

സമ്യക്കാകുന്ന ഗീതം (നല്ല ഗീതം) എന്നാണ് സംഗീതം എന്ന വാക്കിനർത്ഥം. ശ്രോതാക്കളിൽ സന്തോഷം, ദുഃഖം ,അനുകമ്പ, ശാന്തി തുടങ്ങിയ വികാരങ്ങൾ ഉളവാക്കാൻ സംഗീതത്തിനു കഴിയുമെന്ന് വിശ്വസിക്കുന്നു. മഴ പെയ്യിക്കാനും രോഗശമനത്തിനും വരെ സംഗീതത്തെ ഉപയോഗിക്കാമെന്ന് ചിലർ വിശ്വസിക്കുന്നു. സംഗീതം ദൈവീകമാണെന്നും ബ്രഹ്മം സാരസ്വത വീണയിലെ സപ്തസ്വരങ്ങളാണ് ഇതിന്റെ അടിസ്ഥാനമെന്നും ഭാരതീയർ വിശ്വസിച്ചിരുന്നു. ശാസ്ത്രീയമായി ശ്രുതി, താളം, ഭാവം അഥവാ ശബ്ദത്തിന്റെ പല തരത്തിലുള്ള വ്യതിയാനങ്ങൾ എന്നിവയാണ് സംഗീതത്തിലെ പ്രധാന ഘടകങ്ങൾ. ഈ കലയ്ക്ക് ഒരുപക്ഷേ മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ടാകും വികാരങ്ങളുടെ ഭാഷ ആയതുകൊണ്ട് സംഗീതത്തിന് മനുഷ്യരെ മാത്രമല്ല പക്ഷി മൃഗാദികളെയും ആകർഷിക്കുവാൻ സാധിക്കും. ആനന്ദാനുഭൂതി ഉളവാക്കാൻ മറ്റേതു കലയേക്കാളും സംഗീതത്തിനു കഴിവുകൂടും. മാനസീക ക്ലേശങ്ങളാൽ വീർപ്പുമുട്ടുന്ന ഒരു ഒരുവനു തികച്ചും നിരുപദ്രവകരമായ രീതിയിൽ അൽപ്പനേരത്തേക്കെങ്കിലും അവയെ വിസ്മരിച്ച നിർവൃതി നേടാൻ സംഗീതശ്രവണം സഹാകമായിത്തീരുന്നു.

സംഗീത(Music teacher)

Poem

## Repetition

I am the past
When I was a teenage girl
I am my home
I never put out the lights
Every day my father pleaded me
To switch off the lights
He lamented about electricity bill
I simply laughed,walked away
I didn't know his troubles
And now,............
After many years
I am my house
My daughter never
put out the lights
I plead my daughter every day
I remind electricity bill
She simply laughs walk away
Repetition,Repetition
Now I regret,regret,
Sorry papa Sorry

Sreevidya H S A English

# നാളേയ്ക്ക് വേണ്ടി

ഇന്ന് മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടിരിക്കയാണ്.പൂന്താനത്തിന്റെ വരികൾ പോലെ "പത്തു കിട്ടുകിൽ നൂറ് മതിയെന്നും" തുടർന്നും വർദ്ധിച്ചുവരുന്ന ആഗ്രഹങ്ങൾ. ആഗ്രഹങ്ങൾക്ക് ശമനമില്ല . ആ ആഗ്രഹങ്ങൾക്ക് വേണ്ടി മനുഷ്യൻ പ്രകൃതിയെ കരുവാക്കരുത്. ഇനിയും ഒരുപാട് തലമുറകൾ അധിവസിക്കേണ്ട ഈ ഭൂമിയെ മനുഷ്യൻനശിപ്പിച്ചാൽ അതിന്റെപ്രത്യാഘാതം വളരെവലുതായിരിക്കും.കുന്നിടിച്ചും മരം മുറിച്ചും വയൽനികത്തിയും നാം നമ്മുടെ ആഗ്രഹങ്ങൾനേടുമ്പോൾ ഇല്ലാതാവുന്നതാണ്പ്രകൃതിയുടെ കാർഷികസംസ്കാരം. പ്രകൃതി ഒരുക്കിതന്ന കാലാവസ്ഥയും മണ്ണും മനുഷ്യന് ലഭിച്ച അനുഗ്രഹങ്ങളാണെന്ന സത്യം മനസ്സിലാക്കി സംരക്ഷിക്കാം പെറ്റമ്മയെ , പ്രകൃതിയെ...

*FAYIZA.V.V*
*9 B*

ലേഖനം

# എന്റെ ലോകം

കുട്ടികളുടെ നിഷ്കളങ്കമായ ചിരിയേക്കാൾ വലുതായി ഈ ലോകത്ത് മറ്റൊന്നുമില്ല എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. കുട്ടികൾ തന്നെയാണ് എന്റെ ലോകവും. ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ കാലഘട്ടം അയാളുടെ ബാല്യമായിരിക്കും. എനിക്കും അത് അങ്ങനെ തന്നെയാണ്. ബാല്യം തിരിച്ചുകിട്ടണമെന്ന് ആഗ്രഹിക്കാത്ത മനുഷ്യർ വിരളമായിരിക്കും. നഷ്ടപ്പെടാൻ ഒന്നുമില്ലാത്ത, നാളെ എന്തെന്ന വ്യാധിയില്ലാത്ത നിറമുള്ള സ്വപ്നങ്ങളും സന്തോഷങ്ങളും മാത്രം നിറഞ്ഞ സ്വർഗ്ഗമാണ് ബാല്യം.

കുട്ടിക്കാലത്തേക്ക് തിരിച്ച് പോകാൻ പറ്റിയില്ലെങ്കിലും എന്റെ ഈ മക്കളുടെ കളിചിരികൾക്ക് നടുവിൽ നിൽക്കുമ്പോൾ ഞാനും ഒരു കൊച്ചുകുട്ടിയായി മാറാറുണ്ട്! അതുകൊണ്ട് തന്നെ അവരോളം ചെറുതാവാൻ എനിക്കിന്ന് കഴിയിന്നുണ്ട്.

തിരക്കേറിയ ജീവിതമാണ് നമ്മുടേത്. അതിനിടയിൽ നാം കാണാതെ പോകുന്ന സുന്ദരങ്ങളായ ഒത്തിരി കാര്യങ്ങളുണ്ട് നമ്മുക്ക ചുറ്റും. എത്രയോ വലിയ പ്രശ്നങ്ങളും ആശങ്കകളും ഓരോ ദിവസവും നമ്മുടെ സന്തോഷത്തെ ഇല്ലാതാക്കുകയാണ്. അവ എത്ര തന്നെ വലുതായാലും ഈ മക്കളുടെ കൂടെ ഉണ്ടാകുന്ന സമയം വരെ അവയെല്ലാം അകറ്റിനിർത്താനോ മറക്കാനോ ഇന്നെനിക്ക് സാധിക്കുന്നുണ്ട്.

മനുഷ്യന്റെ ജീവിതത്തിൽ ഈ കുട്ടികൾക്ക് എത്രമാത്രം പ്രാധാന്യം ഉണ്ടെന്ന് ഇവർ എനിക്ക് മനസ്സിലാക്കി തരുന്നു. നാം പലരും കാണാതെ പോകുന്നതും ഇത്തരം കുഞ്ഞുസന്തോഷങ്ങളാണ്. ആയുസ്സിന്റെ നല്ലൊരു ഭാഗവും കുട്ടികളുമായി ഇടപ്പെടാൻ കഴിയുന്നത് അത്രമേൽ അനുഗ്രഹിക്കപ്പെട്ടതു കൊണ്ടായിരിക്കണം എന്ന് ഞാൻ വിശ്വസിക്കുന്നു.

നിങ്ങൾ എപ്പൊഴെങ്കിലും കുട്ടികളോട് സംസാരിച്ചിട്ടുണ്ടോ? അത് തീർച്ചയായും ഉണ്ടാവുമായിരിക്കും. പക്ഷേ ഒരു കുട്ടിയുടെ മനസ്സുമായി അവരോട് കാര്യങ്ങൾ പങ്കുവച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അങ്ങനെ ഒന്ന് ശ്രമിച്ച് നോക്കണം. അവരുടെ ഇഷ്ട്ങ്ങളെക്കുറിച്ച് അറിഞ്ഞ് ഇഷ്ട്ക്കേടുകൾ മനസ്സിലാക്കി സംസാരിക്കണം. അങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന അനുഭവം നിങ്ങൾക്കൊരിക്കലും നഷ്ടമായിരിക്കില്ല.

***ശ്രീലേഖ.കെ***

കവിത

# കുളിർമ്മയുടെ മുത്തുകൾ

കണ്ണീരിലാദ്യം തുടങ്ങുന്ന വർഷണം
മണ്ണിലേക്കെത്തുന്ന മഴക്കല്ലുകൾ
മഴയുടെ വരവിനെ അറിയിച്ച് കൊള്ളുന്ന
കാർമേഘമെങ്ങും വാനം നിറയേ

തവളകൾ തന്റെ കൂട്ടുകാരനെക്കാത്ത്
കുണ്ടകൾക്കിടയിൽ കാത്തുനിൽപ്പൂ
ഹൃദയത്തിൻ വേദനയിൽ ചാലിച്ചെടുത്തൊരു
കണ്ണീരു പോലൊരു ജലവർഷണം

മലകൾക്കും പുഴകൾക്കും സ്നേഹമാം മഴയിന്നു
മാനവഹൃദയത്തിൻ യാതനയായ്
കേരളമിക്കാലം ഭയക്കുന്ന മഴയെന്ന
ക്രൂരതയാർന്ന സ്വഭാവയോഗം

ഞാൻ പോവും വഴി നീ തടഞ്ഞാൽ
എനിക്ക് തോന്നും വഴി ഞാനൊഴുകും
ദൈവഭ്രമിതൻ ഹൃദയവേദനയിൽ
മിഴികവിഞ്ഞൊഴുകുന്ന മഴത്തുള്ളികൾ

ഇന്ന് അതിക്രമിച്ചൊഴുകുന്ന ചെളിമണ്ണുകൾ
തലചായ്ക്കാനിടമില്ല നെട്ടോട്ടമോടുന്ന
മാനവ ഹൃദയമിന്നു യാദനയായ്
മാനവ ഹൃദയമിന്നു യാദനയായ്

ഇനിയെത്ര പ്രളയം ഞാൻ കാണണമേ
ഞാനിനിയെത്ര സങ്കടം സഹിക്കേണമേ
മനുഷ്യഹൃദയം ദീർഘശിലപോലെയാം
വറ്റിവരുതിയാം ജീർണ്ണമായി വ്രണ മായി ഞാൻ

ഓർമിക്കണം നിനക്കെന്നു നൽകണം
ഓർക്കണമെന്നൊരു വാക്കുമാത്രം
ഓർക്കണമെന്നൊരു വാക്കുമാത്രം
*ഓർക്കണമെന്നൊരു വാക്കുമാത്രം*

***ശ്രാവൺ രാജ്***

# കവിത

## ജീവിതം

മറക്കാൻ കഴിയാത്ത ഒരു
മഹാ സാഗരമാണ് ജീവിതം
എത്ര ആഴങ്ങൾ കടന്നാലും
ജീവിതം ഒരു മായാനദിയാണ്
വെളിച്ചം മാഞ്ഞാലും
ഇരുട്ടിലേക്ക് ഞാൻ പറക്കും.
കടൽ പോലെയാണെന്റെ ജീവിതം
എത്ര വർഷങ്ങൾ കഴിഞ്ഞാലും
നിന്റെ ഓർമകൾ സൂക്ഷിക്കുക.
മഴ വന്നാലും വെയിൽ വന്നാലും
എന്റെ ജീവൻ ഒരു തുടിപ്പാണ്

-പ്രിയ .വി എസ്

ലേഖനം

# ജലവിചാരങ്ങൾ

"തെരുതെരെ നിരവധി ചൊരിയും വാരികൾ
ധരണി നിറഞ്ഞ് കവിഞ്ഞു വഴിഞ്ഞഥ
അരനിമിഷത്തിൽ പുരികളും മാഴികൾ"

പെരുകീ ജലമയമായി ദിഗന്തം"

ബാല്യകാലം ഏറ്റവും കൂടുതൽ കൊതിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒന്ന് മഴയാണ് വേനൽച്ചൂടിലെപ്പോഴും ഓരോ കുട്ടിയും മഴ കാത്തിരിക്കും. പലരോടുമായി മഴയുടെ വരവ് അന്വേഷിച്ച് കൊണ്ടിരിക്കുന്നതും പതിവാണ്.മുത്തശ്ശിയോ മറ്റോ മഴവരവിനെപ്പറ്റി പറയുന്ന ഉത്തരത്തിന്റെ ഫലപ്രാപ്തിയെ കുഫിച്ചാകും പിന്നീടുള്ള ചിന്ത. മഞ്ചാടിവെച്ച് എണ്ണിനോക്കിയും കലണ്ടറിൽ വട്ടം വരച്ചും ബാല്യത്തിലെ കൗതുകം വളർന്നുകൊണ്ടേയിരിക്കും. മഴയുമായി ബന്ധപ്പെട്ട ഒരു അനുഭവം ഇങ്ങനെയാണ്.

മഴവരുമെന്ന് മുത്തശ്ശിപറഞ്ഞത്, മീനം 8-ന് ഉച്ചയ്ക്ക്2-മണിക്ക് എന്നാണ്.അതിതീഷ്ണമായചൂടാണ് മീനമാസത്തിൽ ആകാശത്ത് കാർമേഘങ്ങൾ ലവലേശമുണ്ടാകാറില്ല.എപ്പോഴും ആകാശം നോക്കിക്കൊണ്ടിരിക്കുന്നത് രസകരവും ആണ്.മീനം 8 ന് പ്രത്യേകിച്ചും കൗതുകം കൂടും. ഉച്ചവരേയും തെളിഞ്ഞ ആകാശം ഉച്ചകഴിയുമ്പോഴേക്കുംചെറിയൊരുമാറ്റം കാറ്റൊന്നുനിലച്ചുപോയപോലെകാർമേഘങ്ങൾ ഉരുണ്ടുകൂടി , പെട്ടെന്ന് സൂര്യനെ മറച്ചു. പിന്നെ താമസിച്ചില്ല മഴ ചെറുതായൊന്നു പൊടിഞ്ഞത് അദ്ഭുതം തന്നെ. വിശ്വസിക്കാൻ പറ്റാത്തവിധത്തിലുള്ള ഒരു മഴയറിവാണ് അന്ന് മുത്തശ്ശി പകർന്നത്.കാലം മാറിയപ്പോൾ ഇത്തരം അറിവുകളെല്ലാം കുത്തൊഴുക്കിൽപ്പെട്ട് മണ്ണടിഞ്ഞു പോവുകയാണോ ഒരിക്കലും തിരിച്ചു വരാനാവാത്ത വിധത്തിൽ!

മീനം 8 എന്നത് മാർച്ച് 22.സൂര്യൻ മധ്യരേഖ കടക്കുന്ന ദിവസം.തുല്യപകൽ രാത്രി അനുഭവപ്പെടുന്ന വളരെ പ്രധാനപ്പട്ട ദിവസം.ഇതേ സൂചനകൾ 1887 ൽ മലബാർ കലക്ടറായിരുന്ന വിശ്വം ലോഗൻ രചിച്ച മലബാർ മാന്വൽ എന്ന ഗ്രന്ഥത്തിലും കാണുന്നു.അത്രയ്ക്കുകൃത്യതയും താളവും ചേർന്ന കാലാവസ്ഥ പ്രശസ്തവുമാണ്!

ആണ്ടിൽ ആറുമാസമാണ് നമുക്ക് മഴക്കാലം.ഇടമുറിയാതെ മഴഇടവപ്പാതിയിൽ ആർത്തു തിമിർത്തു പെയ്യാറുണ്ട്.വിണ്ണിലും മണ്ണിലും നേർത്ത മഞ്ഞിൻ പുതപ്പിട്ടുകൊണ്ട് രസിപ്പിക്കുന്ന ഇടവമഴയുടെ സ്നേഹം പെയ്തിറങ്ങുന്നത് വിവിധ ഭാവത്തിലാണ്.എങ്കിലും ജീവനുവേണ്ടിയുള്ള ഒരു കരുതിവെപ്പായി മഴ അനസ്യൂതം തുടർന്നു കൊണ്ടിരിക്കും.നാളേക്ക് വേണ്ടി സ്വച്ഛന്ദം ഒഴുകി കൊണ്ടിരിക്കുകയും ചെയ്യും.

ചിന്നിയും ചിതറിയും മിന്നിയും മങ്ങിയും ചിണങ്ങിയെത്തുന്ന ചിങ്ങമഴയെ തുടർന്ന് കള്ളച്ചിരിയുമായെത്തിച്ചേരും കന്നിമഴ. ഇടിയുടെ താളവും മിന്നലൊളിയും ഒളിപ്പിച്ച് കടന്നെത്തുന്ന തുലാവർഷമായാണ് ഭൂമിയിൽ കുടിവെള്ളത്തിന്റെ അളവും വരൾച്ചയുടെ തീഷ്ണതയും യഥാർത്ഥത്തിൽ നിർണയിക്കുന്നത്.തുലാവർഷം അല്പമൊന്ന് ശോഷിച്ചാൽ കർഷകമനസ്സിനൊപ്പം നാടുതന്നെ പിടയുമെന്നാണ് പഴമക്കാർ പറ യാറ്.അപ്രതീക്ഷിതമായ് കുംഭത്തിൽ നിറഞ്ഞോടുന്ന മഴ കുപ്പയിലും ചോർ വിളമ്പിയശേഷം യാതൊന്നുമറിയാത്തമട്ടിൽ തിരിച്ചു പോകാറുണ്ട്. തുടർന്ന് മാവു കുലുക്കി മാമ്പഴവർഷത്തോടെ മീനത്തിൽ മറയുന്ന മഴയും പങ്കുവെക്കുന്നത് സന്തോഷത്തിന്റെ പെയ്ത്തിറക്കം തന്നെ.അവാച്യമായ അനുഭൂതിയാണ് മഴ. മഴ തന്നെയാണ് കുടിവെള്ളവും. പക്ഷേ ഭൂമിയിലെ കുടിവെള്ളം വളരെ പരിമിതവുമാണ്. ജലനൗകയിലെ യാത്രയുടെ സാമുവൽ ടെയ് ലർ ക്കോളറിഡ്ജ് എഴുതിയ വരികൾ ജലമൂല്യത്തിന്റെ ഉദാത്ത ഉദാഹരണമാണ്.

വെള്ളം വെള്ളം സർവത്ര
തുള്ളികുടിക്കാനില്ലത്രേ!

ജലദൗർലഭ്യത്തിന്റെ തോത് വളരെ രൂക്ഷമായ ഈ കാലഘട്ടത്തിലുള്ള സമൂഹത്തിൽ ജലത്തെപ്പറ്റിചിന്തിക്കുന്നവരുടെ എണ്ണം ഗണ്യമായി വർദ്ധിക്കാതിരിക്കുന്നതെന്തുകൊണ്ട്? ജലമില്ലാതെ നമുക്കെങ്ങനെ ഒരു ദിവസം കഴിച്ചു കൂട്ടാൻ കഴിയും? നീർത്തടങ്ങളെല്ലാം നികത്തി പട്ടണങ്ങൾ രൂപപ്പെടുത്തിയെടുത്തപ്പോൾ തന്നെ ജലത്തെ മറന്നു പോയി. ദക്ഷിണാഫ്രിക്കയിലെ കേപ് ടൗൺ നിവാസികൾക്ക് പത്തുവർഷത്തിനപ്പുറം ജീവിതമില്ലെന്ന് ശാസ്ത്ര സമൂഹം മുന്നറിയിപ്പുനൽകിക്കഴിഞ്ഞു. സമ്പന്നമായ ഒരു നാടാണെങ്കിലും ഇന്നത് ജലദരിദ്രമാണ്.

ഏറ്റവും വലിയ ജലസ്രോതസ്സ് കടൽ. പക്ഷേ ലവണജലം കുടിക്കാൻ യോജിച്ചതല്ല. കരയിലെ വളരെ കുറഞ്ഞ ജലാശയങ്ങളിലെ കുടിവെള്ളമുള്ളൂ. അതും ആകെ ജലത്തിന്റെ അരശതമാനം മാത്രം. കുടിവെള്ളം സൂക്ഷിക്കുന്ന പ്രകൃതിയിലെ നൈസർഗമായ ജലസ്രോതസ്സുകളെ നിറയ്ക്കുകയെന്ന ധർമ്മം സ്വയം ഏറ്റെടുത്ത അപൂർവപ്രതിഭാസമാണ് മഴ. അതുകൊണ്ടുതന്നെയാണ് ജീവനുണ്ടായതുമുതൽ ജലത്തെ ബഹുമാനിച്ചതും ആരാധിച്ചതും.മഴയുടെ സൗന്ദര്യം വരച്ചുകാട്ടാൻ വരകൾക്കാവില്ല.ഇരമ്പമായെത്തുന്ന മഴ കടൽത്തീരത്തിരുന്നു കാണണം.ചാഞ്ഞും ചരിഞ്ഞും പെയ്യുന്നത് വയൽത്തീരത്തിരുന്നും.ഓരോ സ്ഥലത്തും വ്യത്യാസമാണ് മഴ.തുള്ളിയുടെ വലിപ്പത്തിൽ,പതിക്കുന്നതിൽ ഇടവേളകളിൽ എത്രയെത്ര മാറ്റങ്ങളാണ്.ഇവയൊക്കെ ജീവന്റെ സുസ്ഥിരതയ്ക്കു വേണ്ടിയുള്ള ചങ്ങലകൾ പൊട്ടാതിരിക്കുന്നതിന് വേണ്ടിയുള്ള ചക്രങ്ങളാണ്.മണ്ണിന്റെ കാതിൽ കിന്നാരം പറഞ്ഞ് മണ്ണിലുറങ്ങുന്ന വിത്തുകളെ പതുക്കെ തട്ടിവിളിച്ചുണർത്തുകയെന്ന ധർമ്മവും നിർവഹിക്കുന്ന മഴയാണ് ഭൂമിയിലെ സസ്യസമ്പത്തിനടിസ്ഥാനം ആഗോളതാപനത്തിലുള്ള മറുപടി മരമാകുമ്പോഴും മഴയാണിതിന് അടിത്തറയെന്നോർക്കേണ്ടതുണ്ട്.

ജലത്തിലായിരുന്നു മുന്നൂറുകോടി വർഷങ്ങൾക്കുമുമ്പ് ഉരുത്തിരിഞ്ഞത്.ജീവികളെല്ലാം ജലത്തെ വിഭവമോ മാധ്യമമോ ആയല്ല പരിഗണിച്ചത്.ജലമെന്നത് ജീവൻ തന്നെയാണ്,അല്ലെങ്കിൽ ജീവന്റെ ഭാഗമാണ്.ഇത്തരം ചിന്ത 20-ാം നൂറ്റാണ്ട് വരെ ഉണ്ടായിരുന്നു.പണ്ട് മനുഷ്യകുലം കുടുംബാംഗങ്ങളെ പോലെയാണ് ജലത്തെയും ജല സ്രോതസ്സിനെയും കണ്ടത്.സർവ്വചരാചരങ്ങളുടെയും നിലനിൽപ്പിനും പരസ്പരാശ്രയത്തിനുള്ള പ്രധാന നൂലിഴയാണ് ജലമെന്ന് അവർ വിശ്വസിച്ചു. ശരീരത്തിലെ നാഡീഞരമ്പുകളുടെ സ്ഥാനം നൽകുകയും ചെയ്തു.ഇതു തന്നെയാണ് യഥാർത്ഥത്തിൽ ഉണ്ടാകേണ്ട ജല സാക്ഷരത.പണ്ടുമുതൽക്കേ സംസ്കാരത്തിന്റെ ഭാഗമായിരുന്ന ജലത്തോടുള്ള ഉപഭോഗസംസ്കാരത്തിനടിയിൽപെട്ടുഴവുന്ന പുതുതലമുറയുടെ മനോഭാവത്തിനനുസരിച്ചായിരിക്കും ഭൂമിയുടെ ഭാവി .പുഴകളും മറ്റു ജലസ്രോതസ്സുകളും സ്വകാര്യവ്യക്തികൾക്ക്പതിച്ചുകൊടുക്കുന്ന ഈ നൂറ്റാണ്ടിൽ ജലം പൊതു സ്വത്തായി സങ്കല്പ്പിച്ച അനേകം മനുഷ്യരെ അറിയേണ്ടതുണ്ട്.

സിയാറ്റിൽ മൂപ്പൻ അവരുടെ ജനതയോട് പറയാറുണ്ട്,'പുഴകൾ സഹോദരന്മാരാണ്.എന്ന് നിങ്ങൾ നിങ്ങളുടെ മക്കളെ പഠിപ്പക്കണം'.ഇത് കേവലമായ പ്രസ്താവനയ്ക്കപ്പുറം ജലത്തിന്റെ നാനാഭാവങ്ങളെ നെഞ്ചേറ്റിയ ഒരു ജനസമൂഹത്തിന്റെ വികാരമായാണ് രേഖപ്പെടുത്തിയത് ജലം അവരുടെ അമൂല്യനിധിയാണ്.കുട്ടികളെ ജലത്തെ ആദരിക്കാൻ പഠിപ്പിക്കുന്നതിന്റെ ആദ്യപാഠം.ഇതുപോലെ ജലദേവതയേയും ആരാധിക്കാറുണ്ട്.

ഉത്തരകേരളത്തിന്റെ ഏറ്റവും പ്രധാന അനുഷ്ഠാനമായ തെയ്യവും ജലവുമായി ബന്ധമുണ്ട്.നൂറ്റെട്ട് അഴികൾ കടന്ന് കായലിലൂടെയും പുഴയിലൂടെ സഞ്ചരിച്ച് ജലസമൃദ്ധ ഇടങ്ങളിൽ പാർത്ത തെയ്യങ്ങളാണെന്ന് ഐതീഹ്യം.തോറ്റം പാട്ടുകളിൽ വിശദീകരിക്കുന്ന പല തീരങ്ങളും മറ്റു ജലസൂചനകളും ഇന്ന് അപ്രത്യക്ഷമായതോ കാലഹരണപ്പെട്ടതോ ആയ ഗാനത്തിലുമാണ് ആറാട്ടും വിഗ്രഹങ്ങളുടെ നീരാട്ടും ഇന്ന് നടക്കുന്നത് ജലമില്ലാത്ത ചോലകളിലാണെന്ന് വാസ്തവം.

ഒരു ദിവസത്തെ വീട്ടുജീവിതം തുടങ്ങുന്നത് മുറ്റത്ത് വെള്ളം തെളിച്ച് ശുദ്ധിവൃത്തിയാക്കുന്നതിലൂടെയാണ്.പിന്നെ കിണർ വെള്ളം കോരി കിണ്ടിയിൽ നിറച്ച് പൂജാമുറിയിലെത്തിക്കും .രാത്രിവരെയുള്ള ഓരോ പ്രവർത്തനങ്ങളിലും ജലം ഒഴിച്ചു കൂടാനാവാത്തതിനായതിനാൽ ആരാധനയ്ക്കു പാത്രമായി. ബക്കറ്റും മഗ്ഗും ഉപയോഗിക്കു ന്നതിനു പകരം കഴുത്തുനേർത്ത കിണ്ടിയും കുടവുമാണ് അന്ന് ഉപയോഗിച്ചിരുന്നത്. അവ ജല സംരക്ഷണത്തിന് ഏറ്റവും അനുയോജ്യവുമായിരുന്നു.

പൂമുഖത്ത് ഒരു കിണ്ടി വെള്ളം വെക്കുന്ന പതിവുണ്ട്. അതിഥികൾ വന്നാൽ കൈകാൽ മുഖം കഴുകാൻ ഇതിവെള്ളമാണ് ഉപയോഗപ്പെടുത്തുന്നത്. ഒന്നല്ല ,രണ്ടുപേർക്കെങ്കിലും വിശദമായി കഴുകാനുള്ള വെള്ളം ഒരു കിണ്ടിയിലുണ്ട് . ഇതൊരു

മഗ്ഗിലൊഴിച്ചാൽ ഒരാൾക്കുപോലും തികയുകയുമില്ല . ജലത്തെ നിയന്ത്രിച്ചുപയോഗിക്കണമെന്നുള്ള ചിന്തയുടെ ഭാഗമായാണ് കിണ്ടിയും കുടവും രൂപപ്പെടുത്തിയത് . കിണ്ടി വീടൊഴിഞ്ഞപ്പോൾ ജലവും പിണങ്ങിപ്പോയൊ?

ചിങ്ങമാസത്തിലെ ആദ്യ കിണർജലം ഒരു മുരുടയിൽ നിറച്ച്, അതിനുമുകളിൽ വാഴയില, അതിൽ പൂക്കൾ വിതറിയുള്ള ചടങ്ങാണ് ചിങ്ങവെള്ളം. പ്രതീകാത്മമായി ഇതിലോരോന്നിനെയും സമീപിക്കാം. ജലമാണ് ആദ്യം വേണ്ടതെന്നും അതിനുമുകളിൽ മാത്രമേ ഇലയുണ്ടാകുമെന്നും അതിൽ നിന്നും മാത്രം പൂക്കൾ വിരിയുമെന്നുള്ള സങ്കൽപ്പം പ്രകൃതിയോട് കുട്ടികളെയടക്കം അടുപ്പിക്കാനുള്ള ഒരു മാർഗ്ഗമായി പരിഗണിക്കാം.

ഭൂമി പലവിധ സൂചനകൾ നൽകി ക്കഴിഞ്ഞു. നാളത്തെ കുട്ടികളുടെ ഭാവി ജലദൗർലഭ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നീറിപുകയുമെന്ന്,ആഗോളതാപനത്തിന്റെ കഷ്ട്തകളിൽ നട്ടം തിരിയുമെന്ന്. ഇതിനൊക്കെയുള്ള പരിഹാരം വേനൽ ചൂടേൽക്കുമ്പോൾ മാത്രം ചിന്തിക്കേണ്ടതല്ല. ജീവൻ നിൽക്കുന്നിടത്തോളം അന്വേഷിച്ച കൊണ്ടെയിരിക്കേണ്ടതാണ്. ഉത്തരം വളരെ ലളിതമാണ്. ജലസമൃദ്ദിയുള്ള ഒരു നാടായി മാറാനുള്ള പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചാൽ മാത്രം മതി.

ജലസ്രോതസ്സുകളെ കാണാനുള്ള ഒരു നല്ല അകകണ്ണ് രൂപപ്പെടുത്തിയെടുക്കണം. ഏറ്റവും ചെറിയ നീരുറവ മുതൽ കടൽ വരെയുള്ള ജലസ്രോതസ്സുകളുടെ പരസ്പരാശ്രയത്വം തിരിച്ചറിയണം. മലിനമാക്കാതെ സൂക്ഷിക്കാനുള്ള മനസ്സും വളർത്തിയെടുക്കണം.എങ്കിലെ അനേകം ജീവികൾ അധിവസിക്കുന്ന കടലിൽ ഓരോ ജീവിയും അവയുടെ ധർമ്മം കൃത്യമായി നിർവഹിക്കുന്നത് മനസ്സുകൊണ്ടെ കാണാൻ കഴിയൂ. കടൽപ്പായലുകൾ പുറപ്പെടുവിക്കുന്ന ഡൈമീഥൈൽ സൾഫൈഡ് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇവയുടെ സാന്നിധ്യം അന്തരീക്ഷത്തിന് അത്യന്താപേക്ഷിതമാണ്. സൂര്യപ്രകാശത്തിൽ ചൂടേറ്റ് ജലകണികകൾ പതുക്കെ വേർപ്പെട്ട് മുകളിലേക്ക് ഉയരുമ്പോൾ അവ മഴമേഘമായി മാറാൻ ഡൈമീഥൈൽ സൾഫൈഡ് കൂടിയേതീരൂ.മഴമേഘശകലങ്ങൾ ഒരുമിച്ച് ചേർന്ന് ഒരു കാർമേഗമായി കാറ്റിന്റെ കൈകളിലൂടെ ,മലന്തലപ്പിലെ മാമരച്ചിലകൾ പരത്തുന്ന ആർദ്രതയിൽ വിലയിച്ച് ,ചെറുമഴത്തുള്ളികളായി മണ്ണിലേക്കിറങ്ങുന്നു.അയഞ്ഞ മണ്ണൊരുക്കുന്ന ഇടവഴിയിലൂടെ അതിലൊരുഭാഗം ഭൂഗർഭത്തിലേക്കും മുകളിലൂടെയും പരന്നു തുടങ്ങും.ജൈവാംശം,മണ്ണൽ തരികൾ,വേരുകൽ എന്നിവയുടെ ജലാഗിരണ ശേഷി ഇവയ്ക്ക് ആക്കം പകരും.ജലചാക്രികതയുടെ എല്ലാ ഘട്ടങ്ങളും ജലസംരക്ഷണ പ്രവർത്തനങ്ങളായി മാറേണ്ടതുണ്ട്.നല്ല കടൽ, പായൽ,ചൂടുകുറഞ്ഞ അന്തരീക്ഷം, മരങ്ങളുടെ എണ്ണം,ജലസംഭരണശേഷി തുടങ്ങിയ മേഘലകളിൽ നമുക്കെന്തൊക്കെ ചെയ്യാൻ പറ്റുമോ,അതൊക്കെ പ്രവർത്തനങ്ങളായി മാറുമ്പോൾ ജലസമൃദ്ധി തിരിത്തു വരുമെന്ന കാര്യത്തിൽ സംശയമില്ല.നല്ല മണ്ണ്,ഭൂമിയുടെ പുതപ്പായ പുൽപരപ്പ്,നികത്താത്ത ചാലുകൾ,ചാലുകൾക്കരികിലെ സസ്യസമൂഹം,ഇവയുമായി ബന്ധപ്പെട്ട ജീവികൾ,എന്നിവയടങ്ങിയ ഒരു സങ്കീർണ്ണമായ പ്രക്രിയ ഇതിൽ അദൃശ്യമായി കാണാം. ഇവ ഒരുമിച്ച സംരക്ഷിച്ചാൽ ഭൂമിയിലെ ജലനിരപ്പുയർത്താം. മഴവെള്ളകൊയ്ത്തും കയർ ഭൂവസ്ത്രവും

മഴക്കുഴിയും ഇതിന്റെ ഭാഗം തന്നെ. അതിസങ്കീർണ്ണമായ ഭൂമിയെസംരക്ഷിക്കുമ്പോൾ ജലസംരക്ഷണം എളുപ്പമാകുമെന്ന് തിരിച്ചറിഞ്ഞ മാധവ് ഗാഡ്ഗിൽ പോലുള്ള വ്യക്തികൾ , അതുകൊണ്ടുതന്നെ പശ്ചിഘട്ടംപോലുള്ള ഏറ്റവും വലിയ ആവാസവ്യവസ്ഥയെ പൂർണമായും സംരക്ഷിക്കണമെന്ന കാഴ്ച്ചപ്പാടാണ് മുന്നോട്ടുവച്ചത് അതിലോലമായതും പരിസ്ഥതിപ്രാധാന്യമുള്ളതുമായ ഇടങ്ങളിലെ മനുഷ്യസമ്പർക്കവും പ്രകൃതിനാശവും താളംതെറ്റലുളവാക്കുമെന്നും അദ്ദേഹം മുൻകൂട്ടികണ്ടു . ഈ കാലയളവിൽ അതിന്റെ പലവിധ ദൃഷ്ടാന്തങ്ങൾ പത്രങ്ങളിലൂടെ പ്രചരിക്കുന്നുമുണ്ട്.

അക്കരകാഴ്ചകളിൽ ഭ്രമിക്കാതെ, കാൽച്ചുവട്ടിലെ മണ്ണൊലിച്ചുപോവുന്നത് കാണാനുള്ള മനസ്സുവളർത്തിയെടുക്കാം . പാരമ്പര്യമായി കിട്ടിയ ജലവിചാരങ്ങൾ ഉൾക്കൊണ്ട് ഒരു പുതിയവിത്ത് മനസ്സിൽനടാം . അതിന്റെ വേരുകൾ മണ്ണിലേക്ക് ആഴത്തിലേനക്ക് ഇറങ്ങട്ടെ . തീർച്ചയായും അത് മണ്ണൊലിപ്പുതടയും . ഒരുപാട് കുഞ്ഞുസസ്യങ്ങൾ പുതുതായി മുളച്ചുവരും .

ജലത്തിന് പകരമായി മറ്റൊന്നില്ല. ജലസ്രോതസ്സുകൾ മലിനമായാൽ പുനസ്ഥാപിക്കാൻ അനേകവർഷംതന്നെ വേണ്ടിവരും . നിയന്ത്രിച്ച് ഉപയോഗിക്കുകയാണ് നമ്മുടെ മുന്നിലെ ഏകവഴി .അതോടൊപ്പം ഭൂമിയുടെ ജലസംഭരണശേഷി വർദ്ദിപ്പിക്കാനും ശ്രമിക്കേണ്ടതുണ്ട്.

ഭൂമിയുടെ നാവുവരണ്ടാൽ നാളെ നമ്മുടെ നാവും വരണ്ടുപോകും . പെയ്തിറങ്ങുന്ന മഴവെള്ളത്തെ മണ്ണിൽ ഇറക്കിയാൽ പോര ,ഉറക്കണം.കെട്ടിടങ്ങളല്ല വികസനം. ജീവൻ നിലനിർത്തുന്നതാണ് ശുദ്ദജലത്തിന്റെ അളവ് വർദ്ദിപ്പിക്കുന്നതാണ് വികസനമെന്ന തിരിച്ചറിവ് ഉണ്ടായാൽ ഭാവിതലമുറ സംരക്ഷിക്കപ്പെടും , തീർച്ച.

ആനന്ദൻ പേക്കടം

കവിത

## മലയാളം

കേരളം തൻ മാതൃഭാഷ മലയാളം
അമൃതമാം മലയാളമേ നിന്നെ
ഞാൻ എന്തു പറഞ്ഞാണ് പുകഴ്ത്തുക
മഹാകവികൾ മലയാളമാം ഈ ഭാഷയിൽ
എത്ര മഹാകാവ്യസാഗരങ്ങൾ രചിച്ചിരിക്കുന്നു
അനന്തമാം സാഗരത്തിൽ നിന്റെയീ
കീർത്തി പ്രാവീണ്യം പകർന്നീടുന്നു
മഹാകവികൾ നിന്നെ എത്ര
കാവ്യങ്ങളിൽ പുകഴ്ത്തീടുന്നു

കേരളീയർ തൻമാതാവു നീ
ആ മാതാവു തൻ താരാട്ടുപാട്ടിൽ,
എത്ര പൈതങ്ങൾ നിന്റെ
മുതലമാം മാറിടത്തിൽ മയങ്ങീടുന്നു.

മലയാള ഭാഷതൻ കീർത്തി പ്രാവീണ്യം
ഞാൻ എത്ര തവണ നുകർന്നീടുന്നു
എന്നാലും നിൻ കീർത്തി പ്രാവീണ്യം
നുകർന്ന് മതിവന്നില്ലല്ലോ....

മലയാള ഭാഷതൻ മക്കൾ കേരളീയർ
നിന്റെയീ കാവ്യ സൗന്ദര്യത്തിൽ
അഭിമാനിതരാകുന്നു....................

സയന.ഇ.പി
*9th A*

കവിത

## സൂര്യനാമം

പൊൻ വെയിൽ
നാളമായി സൂര്യൻ ,
ആദി കിരണങ്ങൾ
താളമായി, അരുവി
മണ്ണിന്റെ പുതു ജീവൻ
വിളക്കായി, അവനിയിൽ
പ്രകാശപൂരിതവായുവിൽ
പല നാമങ്ങളിൽ  തൊഴുതീടുന്നു.
സന്ധ്യാസമയങ്ങളിൽ  നിന്റെ വിഹാരതയിൽ-
സിന്ദൂര പൂരമായി വാനിൽ-
തെളിഞ്ഞു നിന്നു....
നിൻ പ്രകാശം എൻ ജീവിതം
സമ്പൂർണ്ണ മാക്കുന്നു......

*Nandana sudhakaran A*
*9B*

## യാത്രാവിവരണം

ഞാനും എന്റെ കുടുംബവും അവധി കാലം ആഘോഷിക്കാൻ മൂകാംബികയിലേക്ക് യാത്ര തിരിച്ചു. തീവണ്ടിയിലായിരുന്നു യാത്ര.വണ്ടിയിലത്ര തിരക്കൊന്നും ഉണ്ടായിരുന്നില്ല. പല കാഴ് ച്ചകളും കണ്ട് ഞങ്ങൾ മൂകാംബികയിലെത്തി.അപ്പോഴേക്കും നേരം ഇരുട്ടിയിരുന്നു.അന്ന് രാത്രി അവിടെ ഒരു ലോഡ്ജിൽ താമസിച്ചു.പിറ്റേന്നു രാവിലെ അമ്പലത്തിലേക്ക് പോയി വൻതിരക്കായിരുന്നു.പോകുമ്പോൾ പുജാസാധനങ്ങളും കൊണ്ടായിരുന്നു പോയത്.അമ്പലത്തിൽ തൊഴുതു.അവിടെ ഒരു സ്വാമിയുണ്ടായിരുന്നു. ആ സ്വാമി എനിക്ക് ധാരാളം കാര്യങ്ങൾ പറഞ്ഞുതന്നു.അവിടെ ഉണ്ടായിരുന്ന ആന എനിക്ക് അനുഗ്രഹം തന്നു.പിന്നീട് അമ്പലത്തിൽ നിന്നും അന്നപ്രസാദം കഴിച്ച് ലോഡ്ജിലേക്ക് പോകുംവഴി അവിടെ ഉണ്ടായിരുന്ന കടയിൽ കയറി. തിരിച്ച് ലോഡ്ജിലേക്ക് പോയി വിശ്രമിച്ചു.അന്നു വൈകുന്നേരം തന്നെ സൗപർണികയിലെ വെള്ളത്തിൽ നീന്തി കുളിച്ചു. തിരിച്ച് ലോഡ്ജിലേക്ക് പോയി. ഞാനും ഏട്ടനും കിടന്നുറങ്ങി. രാവിലെ 6.00-ക്ക്എഴുന്നേറ്റു കുളിച്ചു.കുടജാദ്രിയിലേക്ക് തിരിച്ചു നല്ല തണുപ്പുണ്ടായിരുന്നു. സൂര്യാസ്തമയം കണ്ടു.തിരിച്ചു ലോഡ്ജിലേക്ക് മടങ്ങി. സാധനങ്ങൾ പാക്ക് ചെയ്തു.അവിടെ നിന്ന് ബസ്സിൽ കയറി റെയിൽ വെ സ്റ്റേഷനിലേക്ക് പോയി ട്രെയിൻ വരാൻ വൈകിയിരുന്നു കുറച്ച് നേരം കഴിഞ്ഞപ്പോൾ ട്രൈൻ വന്നു അതിൽ കയറി വീട്ടിലേക്ക് മടങ്ങി.

---

Abhishek 9A

## ലേഖനം

## രമണൻ

<u>ചങ്ങമ്പുഴ കൃഷ്ണപിള്ള</u> *(വായനാക്കുറിപ്പ് )*

*പ്രശസ്ത കവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ഒട്ടേറെ കവിതകൾ മലയാള സാഹിത്യലോകത്തെ സംമ്പന്നമാക്കിയിട്ടുണ്ട്. വിഷാദവും നിരാശയും നിറഞ്ഞതായിരുന്നു ചങ്ങമ്പുഴയുടെ കവിതകൾ.മനുഷ്യസഹജമായ ലളിത വികാരങ്ങൾക്കായി-രുന്നു അദ്ദേഹത്തിന്റെ കവിതയിൽ മുഖ്യസ്ഥാനം.മലയാള-ത്തിലെ ഏറ്റവും കൂടുതൽ പ്രചാരം നേടിയ കവിതയായിരു-ന്നു 'രമണൻ'.*

*രമണൻ എന്ന ആട്ടിടയനും പ്രഭുകുമാരിയായ ചന്ദ്രികയും തമ്മിലുള്ള പ്രണയമാണ് കവിതയുടെ ആശയം.*

*''**മലരണിക്കാടുകൾ തിങ്ങിവിങ്ങി***
***മരതകകാന്തിയിൽ മുങ്ങി മുങ്ങി.** ''*

*എന്നിങ്ങനെ മനോഹരമായ വരികളിലൂടെ വായനക്കാരന്റെ മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്ന തരത്തിലാണ് കവി രചനനട-ത്തിയിട്ടുള്ളത്. പ്രഭുകുമാരിയായ ചന്ദ്രികയും ഒരു സാധാരണ കുടുംബത്തിലെ യുവാവായ രമണനും ആരണ്യസങ്കേതത്തി-ൽ വെച്ച് മാലയിട്ടുവരിക്കുന്നു. പക്ഷേ കഠിനമായി പ്രണയി-ച്ചിരുന്ന ഇവർക്ക് ഒരുമിച്ച് ജീവിക്കാനുള്ള സൗഭാഗ്യം ലഭിച്ചില്ല.തന്റെ പിതാവിന്റെ നിർബന്ധ പ്രകാരം ചന്ദ്രികക്ക് മറ്റൊരാളെ വിവാഹം കഴിക്കേണ്ടി വരുന്നു. വിരഹവേദനയാൽ രമണൻ ആത്മഹത്യചെയ്യുന്നു.രമണ-ന്റെ തോഴനായ മദനനും ഈ കവിതയിലെ ഒരു പ്രധാന കഥാപാത്രമാണ്.*

*പ്രണയിനിയുടെ വേർപാടിൽ മനം നൊന്ത് ആത്മഹത്യ*

*ചെയ്ത രമണൻ യഥാർഥ സ്നേഹമെന്തെന്ന് വായനക്കാർക്ക് കാട്ടിത്തരുന്നു.*

***"കപട ലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം "***

*എന്ന് സങ്കടത്തോടെ പറയുന്ന കവി നമുക്കിന്നും വഴി കാട്ടിയാണ് സ്നേഹത്തിനും സ്നേഹബന്ധങ്ങൾക്കുംവിലനൽകാത്ത ഈ സമൂഹം വായിച്ചിരിക്കേണ്ട ഒരു കവിതയാണ് രമണൻ.സ്വന്തം താൽപര്യങ്ങളെ സംരക്ഷി-ക്കാൻ വേണ്ടിമാത്രം സ്നേഹം നടിക്കുന്നവരാണ് നമ്മുടെ ഇടയിൽ ഭൂരിഭാഗവും.ഇതിലെ ഓരോ വരികളും വായന-ക്കാരനെ ചിന്തിപ്പിക്കുന്ന തരത്തിലുള്ളതാണ്.സാധാരണ-ക്കാരനു പോലും വായിച്ചു ഗ്രഹിക്കാൻ കഴിയുന്ന രീതിയി-ലാണ് കവിതയിലെ ഓരോ വരികളും.'രമണൻ' പ്രസിദ്ധീ-കരിച്ച കാലത്ത് റെക്കോർഡ് വിൽപ്പനയായിരുന്നു.*

*കുട്ടികളിലും മുതിർന്നവരിലും വായനാശീലം കുറഞ്ഞുവരുന്ന ഇക്കാലത്ത് മുത്തശ്ശിക്കഥകൾ കേട്ടുവളർന്ന പഴയതലമുറ ഒരു വഴി കാട്ടിയാണ്.മലയാളസാഹിത്യലോകത്ത് വിജ്ഞാനപ്രദങ്ങളായ ധാരാളം രചനകൾ ഉണ്ട്.അവ വായിക്കാനും മനസ്സിലാക്കാനും ജീവിതത്തിൽ പ്രയോ-ജനപ്പെടുത്താനും കുട്ടികളായ നാം താൽപര്യം കാണിക്കണം.പഴമയുടെ നന്മ മനസിലാക്കാൻ നാം മടി കാണിക്കരുത്.*

*ശാരിക.എൻ
8c*

## നന്ദിയോടെ........

ഈ ചുരുങ്ങിയ സമയം കൊണ്ട് ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന പ്രതിധ്വനി മാഗസിൻ, കവിതകൾ, കഥകൾ,ലേഖനങ്ങൾ ,ചിത്രങ്ങൾ,വായനാകുറിപ്പുകൾ തുടങ്ങിയ സൃഷ്ടിക്കൾ കൊണ്ട് സമ്പന്നമാക്കിയ വിദ്യാർഥികൾക്കും, അധ്യാപകർക്കും, ഇതിനുവേണ്ട എല്ലാപിന്തുണയും നൽകി സഹകരിച്ച സ്കൂളിന്റെ പ്രധാനാധ്യാപകൻ, സ്റ്റാഫംഗങ്ങൾ, SITC, പി ടി എ, കുട്ടികൾ എന്നിവർക്കും ലിറ്റിൽ കൈറ്റ്സിന്റെ അകൈതവമായ നന്ദി അറിയിക്കട്ടെ.

എന്ന്

എഡിറ്റർ


HARI KRISHNAN.K

